"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കല്ലൂർക്കാട് കൃഷി ഓഫീസറായിരുന്ന (നിലവിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ) ശ്രീ. ചാരുമിത്രനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ.(സാധാ) നം.614/2025/AGRI തീയതി,തിരുവനന്തപുരം, 20-06-2025

---

പരാമർശം:- 1. ക്രൈം നമ്പർ 78/2016-ന്റെ CC. No 795/18 നമ്പർ കേസിന്മേലുള്ള ബഹു. മൂവാറ്റുപുഴ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് -I ന്റെ 22/11/2024 -ലെ വിധിന്യായം

2. 30/05/2025 തീയതിയിലെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ADFW/4894/2025-SB2 നമ്പർ കത്ത് .

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കല്ലൂർക്കാട് കൃഷി ഓഫീസറായിരുന്ന (നിലവിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ) ശ്രീ. ചാരുമിത്രനെതിരെ കർഷകന് സർക്കാർ അനുവദിച്ച പണം അപഹരിച്ചതിന് കല്ലൂർക്കാട് സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 78/2016-ന്റെ CC. No 795/18 നമ്പർ കേസിന്മേലുള്ള ബഹു. മൂവാറ്റുപുഴ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് - I ന്റെ പരാമർശം (1) വിധിന്യായത്തിൽ ഐപിസി 403, 409 വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾക്ക് ടിയാനെ ശിക്ഷിക്കുകയും ഐപിസി സെക്ഷൻ 409 പ്രകാരം മൂന്ന് വർഷം കഠിന തടവും, 10,000/- രൂപ പിഴയും പിഴ തുക അടയ്ക്കാത്ത പക്ഷം മൂന്ന് മാസം കഠിന തടവും , ഐപിസി 465 പ്രകാരം ഒരു വർഷം വരെ സാധാരണ തടവ് ശിക്ഷയും വിധിച്ചിട്ടുള്ളതായി പരാമർശം (2) പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, Kerala Service Rules Part I, ചട്ടം 57, 58, Kerala Civil Service (Classification, Control, & Appeal) Rules ,1960-ലെ ചട്ടം 10, 18 (a) എന്നിവയിലെ വ്യവസ്ഥകൾക്കു വിധേയമായി ടിയാനെ ഉടൻ പ്രാബല്യത്തിൽ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു.

3. **Kerala Service Rules Part I,** റൂൾ **55** പ്രകാരം ടിയാന് ഉപജീവന ബത്തയ്ക്ക് അർഹതയുണ്ടായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്.ഐ.എ.എസ്
**PRINCIPAL SECRETARY & APC**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, കല്ലൂർക്കാട്, എറണാകുളം.
ശ്രീ. ചാരുമിത്രൻ (വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (**AGRI-EA3/51/2025-AGRI** )

ഉത്തരവിൻ പ്രകാരം
Signed by
Aswathi S Poonkavanam
Date: 20-06-2025 11:32:15
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്